DESPATCHED
7/2/23....

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 1486*(2)/2022*/*എസ്.ഐ.സി.***

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **17661**/*എസ്.ഐ.സി-ജി 6/22*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ഡോ.സ്മിത എം.,
ടി.സി.16/4306/2, ദാനത്തുവിളയിൽ,
കളത്തിൽ ലൈൻ, മുറിഞ്ഞപ്പാലം,
മെഡിക്കൽ കോളേജ് പി.ഒ., തിരുവനന്തപുരം - 11. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& അക്കൗണ്ട്സ് ഓഫീസർ, ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം.
2. അപ്പീൽ അധികാരി& പ്രിൻസിപ്പാൾ&കൺട്രോളിംഗ് ഓഫീസർ, ഗവ.ഹോമിയോ മെഡിക്കൽ കോളേജ്, ഐരാണിമുട്ടം, തിരുവനന്തപുരം - 695 009.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.09.2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.10. 2022 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 17.10. 2022 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15.11. 2022 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 22.11. 2022 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 23.11.2022 |
| ഹിയറിംഗ് നടന്ന തീയതി | 20.12.2022, കമ്മീഷൻ ആസ്ഥാനം |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു.<br>ഹാജരായിരുന്നു. |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരിയായ ഡോ.സ്മിത എം. 22.11.2022ന് സമർപ്പിച്ച

അപ്പീൽ ഹർജി 23.11.2022ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് **AP.No.1486(2)/22**ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിലും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്.

3. പരാതി ഹർജിക്കാരി 03.09.2021ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ടിയാളുടെ കേസ് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ ഹാജരാക്കുന്നതിനായി നേമം എസ്.വി.ആർ.എച്ച്. മെഡിക്കൽ കോളേജിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ 2020 മാർച്ച്, 2021 മാർച്ച്, 2022 മാർച്ച്, 2022 ആഗസ്റ്റ് എന്നീ മാസങ്ങളിലെ ശമ്പള ബില്ലിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളാണ്.

ആയതിന് 01.10.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട നേമം ശ്രീ.വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ശമ്പള ബില്ലുകളുടെ പകർപ്പുകൾ വ്യക്തിഗത വിവരത്തിന് കീഴിൽ വരുന്നതിനാൽ വിവരാവകാശ നിയമം 2005ലെ 8(1)(j) പ്രകാരം നൽകാൻ നിർവ്വാമില്ലെന്നാണ് അറിയിച്ചത്.

4. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 15.11.2022ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ള വിവരം നേമം ശ്രീ.വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ശമ്പള ബില്ലുകളുടെ പകർപ്പാണ്. മറ്റൊരു സ്ഥാപനത്തിലെ ജീവനക്കാരുടെ ശമ്പള സംബന്ധമായ വിവരങ്ങൾ പ്രസ്തുത ജീവനക്കാരുടെ വ്യക്തിഗതമായ വിവരങ്ങളും അവരുടെ സ്വകാര്യതയുമാണെന്നും മാത്രവുമല്ല ടി വിവരങ്ങൾ വിദ്യാധിരാജ ഹോമിയോ കോളേജിലെ വിവരാവകാശ ഓഫീസറുടെ കൈവശം ഉള്ളവയായതിനാൽ അവിടെ നിന്നും ശേഖരിക്കേണ്ടവയാണെന്നുമാണ്. മുൻകാലങ്ങളിൽ ഇതേ വിവരം ശ്രീ.വി.പി.പണിക്കർ എന്നയാൾക്കു നൽകിയിട്ടുള്ളതാണെന്നും ആ തെറ്റ് വീണ്ടും ആവർത്തിക്കാനാവില്ലെന്നും ആയതിനാൽ ആവശ്യപ്പെട്ടിരിക്കുന്ന വിവരങ്ങൾ ടി ഓഫീസിൽ നിന്നും ലഭ്യമാക്കാനാവില്ലെന്ന് അറിയിക്കുന്നതോടൊപ്പം ടിയാൾ സമർപ്പിച്ച അപ്പീൽ നിരസിച്ചതായി അറിയിക്കുന്നുവെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും, ഹർജിക്കാരിയുടെ അപേക്ഷയ്ക്ക് മറുപടി നൽകിയിട്ടുണ്ടെന്നു ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും ആവശ്യപ്പെട്ട രേഖകൾ ലഭ്യമാക്കിയില്ലെന്നാണ്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ, ഹർജി

ക്കാരിയ്ക്ക് എത്രയും വേഗം രേഖകൾ നൽകണമെന്ന് കമ്മീഷൻ ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകിയതു പ്രകാരം 23.12.2022ന് ഒന്നാം എതിർകക്ഷി കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 20.12.2022ലെ ഹിയറിംഗിലെ തീരുമാനപ്രകാരം ഹർജിക്കാരി ആവശ്യപ്പെട്ടിട്ടുള്ള ശ്രീ.വിദ്യാധിരാജ ഹോമിയോപ്പതിക് മെഡിക്കൽ കോളേജിലെ 2020 മാർച്ച്, 2021 മാർച്ച്, 2022 മാർച്ച്, 2022 ആഗസ്റ്റ് എന്നീ മാസങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ ശമ്പള ബില്ലുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ നൽകിയിട്ടുണ്ടെന്നാണ് അറിയിച്ചത്.

6. മേൽപ്പടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2023 ജനുവരി 16-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Gc/